# കാരുണികൻ

Vol.18 No. 01 Jan. 2021

സമഗ്ര ദൈവശാസ്ത്ര മാസിക



വചനബോധി

സീറോ മലബാർ

പത്രാധിപസമിതി

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ

## ഉള്ളടക്കം

**ഫെബ്രുവരി 07 ___ ദനഹാ 6-ാം ഞായർ**
**Page : 73**
**ഏശ 63:7 – 16; യോഹ 3:22 – 31**
- ഡോ. മൈക്കിൾ കാരിമറ്റം
- ഫാ. വിൻസെന്റ് ഇടക്കരോട്ട്

**ഫെബ്രുവരി 14 ___ നോമ്പ് 1-ാം ഞായർ**
**Page : 78**
**ഏശ 58:1 – 10; മത്താ 4:1 – 11**
- ഡോ. മൈക്കിൾ കാരിമറ്റം
- ഫാ. വർഗീസ് തൊട്ടിയിൽ

**ഫെബ്രുവരി 21 ___ നോമ്പ് 2-ാം ഞായർ**
**Page : 84**
**ജോഷ്വാ 4:15 – 24; മത്താ 7:21 – 27**
- ഡോ. മാത്യു ഓലിക്കൽ mcbs
- ഡോ. മാത്യു കഴുതാടിയിൽ
- ഫാ. സ്കറിയ വേകത്താനം

**ഫെബ്രുവരി 28 ___ നോമ്പ് 3-ാം ഞായർ**
**Page : 89**
**ജോഷ്വാ 5:13 – 6:5; മത്താ 20:17 – 28**
- ഡോ. മാത്യു ഓലിക്കൽ mcbs
- ഡോ. മാത്യു കഴുതാടിയിൽ
- ഡോ. ജോൺ. എഫ്. ചെറിയവെളി v.c

# ഫെബ്രുവരി 07
# ദനഹാ 6-ാം ഞായർ

## ഭാഷ്യം

### ഏശ 63:7-16 | യോഹ 3:22-31

### ഏശ 63:7-16

### സന്ദർഭം

മൂന്നാം ഏശയ്യാ (ഏശ 56-66) എന്നറിയപ്പെടുന്ന പുസ്തകത്തിന്റെ ഭാഗമാണിത്. 63:7-64:12 ഒരുമിച്ചുപോകുന്ന വിലാപഗാനത്തിന്റെ ശൈലിയിലുള്ള ഒരു പ്രാർത്ഥന. വലിയ പ്രതീക്ഷകളോടെ പ്രവാസത്തിൽനിന്നു മടങ്ങിവന്ന ഇസ്രായേൽജനം വീണ്ടും നിരവധി ക്ലേശങ്ങളിലൂടെ കടന്നുപോകേണ്ടിവന്നു. രണ്ടാം ഏശയ്യാ (40-55) വരച്ചുകാട്ടിയ ദൈവികസംരക്ഷണവും സമൃദ്ധിയും സന്തോഷവും ഒരു മരീചികപോലെ അവർക്ക് അനുഭവപ്പെട്ടു. തിരിച്ചുവന്നവർക്ക് തങ്ങളുടെ നഷ്ടപ്പെട്ട ഭൂമി തിരിച്ചുകിട്ടിയില്ല. പ്രതികൂലകാലാവസ്ഥയും തുടർച്ചയായ കൃഷിനാശവും ജീവിതക്ലേശങ്ങൾ വർധിപ്പിച്ചു. കൊടുത്തുവീട്ടാനാവാത്ത കടത്തിന്റെ പേരിൽ പലരും അടിമകളായിത്തീർന്നു. പ്രതീക്ഷയെല്ലാം നഷ്ടപ്പെട്ട്, വീണ്ടും നിരാശയിൽ അമരുന്ന ജനത്തിനു പ്രത്യാശ പകരാൻ അയയ്ക്കപ്പെട്ട പ്രവാചകനാണ് മൂന്നാം ഏശയ്യാ എന്നപേരിൽ അറിയപ്പെടുന്ന അജ്ഞാതനായ പ്രവാചകൻ.

### സാരം

പ്രത്യാശനൽകുന്ന വാഗ്ദാനങ്ങളും മാനസാന്തരത്തിനുള്ള ആഹ്വാനങ്ങളും തങ്ങളുടെ തെറ്റുകളെക്കുറിച്ചുള്ള ഓർമപ്പെടുത്തലുകളും ഇടകലർത്തി അവതരിപ്പിക്കുന്ന ഒരു ശൈലിയാണ് പ്രവാചകൻ സ്വീകരിച്ചിരിക്കുന്നത്. ഈ പ്രവചനങ്ങളുടെ മധ്യഭാഗത്തു നിൽക്കുന്ന 63:7-64: 12 ഭാഗങ്ങൾ ഒറ്റ യൂണിറ്റായി കരുതപ്പെടുന്നു. ഇതിൽത്തന്നെ ആറുചെറിയ ഉപവിഭാഗങ്ങൾ കാണാം. 63:7-9, 10-14,15-19;64,1-5a, 5b, 7,8-12. കഴിഞ്ഞ കാലങ്ങളിൽ ദൈവം ചെയ്ത വലിയ കാര്യങ്ങളുടെ അനുസ്മരണം, ജനത്തിന്റെ അവിശ്വസ്തത, അനുതാപത്തോടെയുള്ള ഏറ്റുപറച്ചിൽ, വീണ്ടും കരുണയ്ക്കുവേണ്ടിയുള്ള യാചന, ദൈവം കൈവിടുകയില്ല എന്ന പ്രത്യാശ എന്നീ വിഷയങ്ങൾ ഇടകലർത്തി അവതരിപ്പിച്ചിരിക്കുന്ന ഒരു പ്രാർത്ഥനയാണിത്.

തങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന എല്ലാ ക്ലേശങ്ങളുടെയും കാരണം തങ്ങളുടെതന്നെ പാപങ്ങളാണ്; ദൈവത്തോടുകാട്ടിയ അവിശ്വസ്തതയുടെ ഫലമാണ് ഈ ദുരിതങ്ങൾ എന്ന് ജനം ഏറ്റുപറയുന്നു. പൂർവകാലങ്ങളിൽ, പ്രത്യേകിച്ചും പുറപ്പാടുസംഭവത്തിൽ, പ്രകടമായ ദൈവത്തിന്റെ കരുണയും കരുതലും ഇനിയും അനുഭവവേദ്യമാക്കണമേ എന്നു പ്രാർത്ഥിക്കുന്നു. പാപത്തിന്റെ കാഠിന്യം വ്യക്തമാക്കുന്നതാണ് "കർത്താവിന്റെ പരിശുദ്ധാത്മാവിനെ അവർ ദുഃഖിപ്പിച്ചു" എന്ന ഏറ്റുപറച്ചിൽ. അതോടൊപ്പം ദൈവത്തെ പിതാവും വിമോചകനുമായി ഏറ്റുപറഞ്ഞുകൊണ്ട് തങ്ങളുടെ വിശ്വാസവും പ്രത്യാശയും ഈ പ്രാർത്ഥനയിലൂടെ പ്രകടമാക്കുന്നു.

## സന്ദേശം

ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളും ദുരിതങ്ങളും നമ്മെ ഒരാത്മശോധനയിലേക്കും ചെയ്തുപോയ തെറ്റുകളെക്കുറിച്ചുള്ള അവബോധത്തിലേക്കും നയിക്കാൻ ദൈവം ഒരുക്കുന്ന സാഹചര്യങ്ങളായി കരുതണം. ഇപ്പോഴത്തെ ക്ലേശങ്ങളുടെ തീവ്രത മാനസാന്തരത്തിലേക്കു നയിക്കണം. കഴിഞ്ഞകാലങ്ങളിൽ അനുഭവിച്ച ദൈവികസംരക്ഷണം അനുസ്മരിക്കണം- ധൂർത്തപുത്രനെപ്പോലെ. അത് ഒരു മടങ്ങിവരവിനു പ്രേരകമാകണം. ദൈവത്തിന്റെ സ്നേഹം ഒരിക്കലും കുറയുന്നില്ല; കാരുണ്യം അസ്തമിക്കുന്നില്ല. സഹായിക്കാനുള്ള കഴിവും സന്നദ്ധതയും ഇല്ലാതാകുന്നുമില്ല. ദൈവം നമ്മുടെ പിതാവാണ്; ശക്തനായ വിമോചകൻ.

**ഡോ. മൈക്കിൾ കാരിമറ്റം**

---

# യോഹ 3:22-31

## സന്ദർഭം

സ്നാപകയോഹന്നാൻ യേശുവിനു നൽകുന്ന അവസാനത്തെ സാക്ഷ്യമാണ് ഈ വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യോഹ 1:6-8, 19-37 എന്നീ വചനഭാഗങ്ങളിൽ അവതരിപ്പിച്ച യോഹന്നാന്റെ സാക്ഷ്യം കൂടുതൽ വ്യക്തമായി ആവർത്തിച്ചുറപ്പിക്കുകയും അതോടൊപ്പം തന്റെ ദൗത്യം എന്തെന്നുവീണ്ടും വിശദീകരിക്കുകയും ചെയ്യുന്നു. നിക്കോദേമോസുമായുള്ള സംഭാഷണത്തെത്തുടർന്ന് യേശു തന്നെക്കുറിച്ചും തന്റെ ദൗത്യത്തെക്കുറിച്ചും നൽകുന്ന പ്രബോധനത്തെ (യോഹ 3:16-36) രണ്ടായി പിളർന്ന് അതിനു മധ്യത്തിലാണ് ഈ സാക്ഷ്യം അവതരിപ്പിച്ചിരിക്കുന്നത് (3:22-30). അങ്ങനെ യേശുവും യോഹന്നാനും നൽകുന്ന സാക്ഷ്യങ്ങൾ ഒന്നുതന്നെ എന്നും സുവിശേഷകൻ സൂചിപ്പിക്കുന്നു.

സമാന്തരസുവിശേഷങ്ങൾ പറയാത്ത ഒരു കാര്യമാണ് യേശുവും ശിഷ്യന്മാരും യോഹന്നാന്റേതിനു സമാനമായ ഒരു സ്നാനം നല്കിയിരുന്നു എന്ന

ത്. യേശുവല്ല, ശിഷ്യന്മാർ മാത്രമാണ് സ്നാനം നല്കിയത് എന്നു സുവിശേഷകൻ എടുത്തുപറയുന്നുണ്ട്. എന്നാലും, ആരംഭത്തിൽ യേശു സ്നാപകന്റെ ശിഷ്യനായി കരുതപ്പെട്ടിരുന്നുഎന്നും സ്നാപകൻ കാരാഗൃഹത്തിലായതിനുശേഷമാണ് യേശു തനതായ, വ്യത്യസ്തമായ രീതിയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നും ചരിത്രപരമായ സൂചന നൽകുന്നതായി ഈ വചനങ്ങളെ കാണാൻ കഴിയും. യേശുവിന്റെ മരണത്തിനുശേഷവും സ്നാപകന്റെയും യേശുവിന്റെയും ശിഷ്യർ രണ്ടുഗണങ്ങളായി തുടർന്നു; ആരാണ് വലിയവൻ; ആരാണ് യഥാർത്ഥ രക്ഷകൻ, യേശുവോ അതോ സ്നാപകനോ എന്ന തർക്കം അവർക്കിടയിൽ ഉണ്ടായി എന്നും അതിന് അന്തിമമായൊരു മറുപടിയാണ് ഇവിടെ അവതരിപ്പിക്കുന്നതെന്നും കരുതുന്ന ബൈബിൾ വ്യാഖ്യാതാക്കൾ ഏറെയുണ്ട്. “വരാനിരിക്കുന്നവൻ നീ തന്നെയോ അതോ ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണമോ” (മത്താ 11:3) എന്ന ചോദ്യവും ഈ തർക്കത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ കഴിയും. സ്നാപകന്റെ അന്തിമ സാക്ഷ്യത്തിലൂടെ ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകുന്നു; ഇനി തർക്കത്തിന് ന്യായീകരണം ഒന്നുമില്ല.

## സാരം

സ്നാപകനും യേശുവും തമ്മിലുള്ള ബന്ധവും ഇരുവരുടെയും വ്യക്തിത്വവുമാണ് ഇവിടെ ചർച്ചാവിഷയം. ഏനോനിലെ സ്നാനം അതിന്റെ പശ്ചാത്തലംമാത്രം. താൻ ആരെന്നും തന്റെ ദൗത്യം എന്തെന്നും സ്നാപകനു നന്നായി അറിയാം. രക്ഷകനു വഴിയൊരുക്കാൻ രക്ഷകനെ ജനമധ്യത്തിൽ അവതരിപ്പിക്കാൻ അയയ്ക്കപ്പെട്ട മുന്നോടിയാണ് താൻ; രക്ഷകനിലേക്കു വിരൽചൂണ്ടുന്ന അവസാനത്തെ പ്രവാചകൻ. താൻ മിശിഹായല്ല, ഏലിയായല്ല, യുഗാന്തപ്രവാചകനുമല്ല, വെറും ഒരു ശബ്ദം, ഒരു ചൂണ്ടുപലക. അതാണ് തന്റെ ദൗത്യം; അതുതന്നെയാണ് തന്റെ വ്യക്തിത്വവും. അതിൽ താൻ സംതൃപ്തനാണ്. ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കിക്കഴിയുമ്പോൾ, മാന്യമായി, സന്തോഷത്തോടെ വിരമിക്കുന്ന സ്നാപകൻ തന്റെ മനോഭാവം വ്യക്തമാക്കി; എന്റെ സന്തോഷം ഇപ്പോൾ പൂർണമായി. അവൻ വളരണം, ഞാൻ കുറയണം.

## സന്ദേശം

ക്രിസ്തുശിഷ്യരാരും മറ്റൊരു ക്രിസ്തുവാകുന്നില്ല; ആകാൻ ശ്രമിക്കുകയും വേണ്ട. കാരണം, ക്രിസ്തു ഒരുവൻമാത്രം; മനുഷ്യനായി അവതരിച്ച ദൈവപുത്രൻ. ശിഷ്യരെല്ലാം അവനു സാക്ഷികളാകണം. അവന്റെ സ്ഥാനത്തുകയറിയിരിക്കാൻ ശ്രമിക്കരുത്. ഇവിടെ സ്നാപകൻ വലിയൊരു മാതൃകയും പ്രചോദനവുമാകുന്നു. തന്റെ കീർത്തി, പ്രശസ്തി, ലാഭം ഒന്നുമല്ല ശ്രദ്ധാകേന്ദ്രം യേശുമാത്രം. യേശുവിലേക്കു നയിക്കുന്ന സാക്ഷികളാകാൻ

വിളിക്കപ്പെട്ടവരാണ് ക്രിസ്തുശിഷ്യർ. മാർപാപ്പമുതൽ മറ്റെല്ലാവരും. ഞാന ല്ല, യേശുവാണ് അറിയപ്പെടേണ്ടത്. അതിൽ വിജയിക്കുമ്പോൾ സ്നാപക നെപ്പോലെ, സന്തോഷത്തോടെ വിരമിക്കാൻ കഴിയട്ടെ!

**ഡോ. മൈക്കിൾ കാരിമറ്റം**

---

# പ്രസംഗം: സർവവും ക്രിസ്തുവിനായി

കൂടെ നിൽക്കാൻ ആളുകളുണ്ട് എന്നതാണ് ഒരു നേതാവിന്റെ കരുത്ത്. അതുപോലെ ഒരു നേതാവിന്റെ പ്രതിച്ഛായ ജനസമ്മതികൊണ്ട് നേടിയെടു ക്കാൻ കഴിഞ്ഞ ഒരാളായിരുന്നു സ്നാപയോഹന്നാൻ. നാടുഭരിച്ച ഹേറോദേസി നെപ്പോലും ചോദ്യം ചെയ്യാൻതക്ക പ്രവാചകവീര്യം നിറഞ്ഞവൻ. അപ്പോൾ സകലരും ഓർത്തു: 'ഇവൻതന്നെയോ ക്രിസ്തു'എന്ന്. നീയാരാണെന്നു ചോദി ക്കാൻവന്നവരോടും ക്രിസ്തു തന്റെ പ്രവൃത്തികൾ ആരംഭിച്ചപ്പോൾ അത റിഞ്ഞ് അസ്വസ്ഥതയോടെ യോഹന്നാനോടൊപ്പം നിന്നവരോടും അവൻ ധീര മായി പറഞ്ഞു; ഞാൻ ക്രിസ്തുവല്ല, അവനുമുമ്പേ അയക്കപ്പെട്ടവനാണെന്നും അവനായി വഴിയൊരുക്കാൻ വന്നവനാണെന്നും ക്രിസ്തുവിനുവേണ്ടി ഉയ രുന്ന ശബ്ദമാണ് താനെന്നും എന്നൊക്കെ. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ സ്വയം നേടിയെടുക്കേണ്ടിയിരുന്ന അംഗീകാരങ്ങളും ബഹുമതികളും നേട്ട ങ്ങളും അനന്തമായ സാധ്യതകളും ക്രിസ്തുവിനുവേണ്ടി അടിയറവയ്ക്കുന്ന ഒരു പ്രത്യേകവ്യക്തിത്വം. സ്വന്തം ശിഷ്യരും ക്രിസ്തുവിലേക്ക് നീങ്ങുമ്പോൾ നിർവൃതിയടയുന്ന അപൂർവവ്യക്തിത്വം.

നഷ്ടപ്പെടലിലും ഒറ്റപ്പെടലിലും പരിഭവം ഒട്ടുമില്ലാത്തവനായിരുന്നു, സ്നാപകൻ. രക്ഷകനായ ക്രിസ്തുവിനുവേണ്ടി സ്വയം സമർപ്പിച്ച് പിൻവാ ങ്ങുന്നതിൽ ആത്മനിർവൃതിയടയുന്ന വാക്കുകളല്ലേ "അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്ന് പറയുന്നതിൽ നാം കാണുക. എല്ലാ വരും അൽപ്പമൊന്ന് വൈറലാകാൻ ശ്രമിക്കുന്ന ഈ കാലത്ത് സ്നാപക യോഹന്നാന്റെ വൈറൽ പോയിന്റ് ഈ വചനങ്ങളിലാണ് (യോഹ 3:30).

'ജീവിതം = വേണ്ടി' എന്ന് ഒരിക്കൽക്കൂടി സ്നാപകൻ ഓർമ്മപ്പെടുത്തു കയാണിവിടെ. അവന്റെ ജനനവും ജീവിതവും വാക്കുകളും പ്രവർത്തികളും താപസികതയും നിലപാടുകളും മരണവും എല്ലാം ക്രിസ്തുവിനുവേണ്ടിയാ യിരുന്നു; ക്രിസ്തുവിലേക്ക് അനേകർ എത്തുന്നതിനുവേണ്ടിയായിരുന്നു.

അനന്തവിശാലമായ ഈ ലോകത്തിൽ വളരെ നിസാരരായവരാണ് നാം. എങ്കിലും ഓരോരുത്തരുടെയും ദൗത്യങ്ങൾക്ക് മൂല്യമുണ്ട്. സ്നാപകനെ പ്പോലെ നമുക്കും നമ്മുടെ ദൗത്യം ധീരതയോടെ നിറവേറ്റാം. അതിവിശാല കാലത്തിന്റെ ഏതാനും ചെറിയ ഭാഗമാണ് നാമെങ്കിലും എല്ലാവർക്കും അവ രുടേതായ നന്മചെയ്തു മുന്നേറാൻ കഴിയും. അതിനാൽ നമ്മുടെ കടമകളും ദൗത്യങ്ങളും സന്തോഷത്തോടെ ചെയ്തുതീർക്കാം. അതിൽ നഷ്ടങ്ങളും ഒറ്റ

പ്പെടലുകളും സംഭവിക്കുമ്പോൾ സ്നാപകനെ ധ്യാനിക്കാം. കാരണം ക്രിസ്തുവിനായും അപരന്റെ നന്മയ്ക്കായും ജീവിക്കുമ്പോൾ അവയൊക്കെ സ്വാഭാവികമാണ്.

ജീവിതത്തിൽ എന്നും നന്ദിയും പരിശ്രമവും നിലനിർത്തേണ്ടവരാണ് മനുഷ്യർ. ഉദരത്തിൽ ഉരുവായ നിമിഷംമുതൽ ഒടുവിലെയൊരു നിശ്വാസം വരെ നമുക്കുവേണ്ടി നിലനിൽക്കുന്നവരെ ഓർക്കാം. എത്രയേറെപ്പേരാണ് ആ ലിസ്റ്റിൽ വന്നുപോകുന്നത്. നമുക്കറിയാവുന്നവരും അറിയാത്തവരുമായി നിരവധിപേർ. എന്നാൽ, നമ്മൾ ഇതുവരെയും കണ്ടിട്ടില്ലാത്തവരും കേട്ടിട്ടില്ലാത്തവരും ഓർത്തിട്ടില്ലാത്തവരും അറിയാത്തവരുമായ എത്രയോപേർ നമുക്കുവേണ്ടി എത്രയേറെ കാര്യങ്ങൾ ചെയ്തിരിക്കുന്നു. ഒരുപിടി അന്നം കഴിക്കുമ്പോൾ അതിന്റെ പിന്നിൽ എത്രയാൾക്കാരാണ് നമുക്കുവേണ്ടി ജീവിച്ചിട്ടുള്ളത്. അവയൊക്കെ ഓർക്കാം. സമർപ്പിക്കാം. അവർക്കായി പ്രാർത്ഥിക്കാം. കാരണം, ഭൗതികമായും ആത്മീയമായും അനേകർ നമുക്കുവേണ്ടി നിലനിൽക്കുന്നതിനാലാണ് നമ്മുടെ ജീവിതം മനോഹരമാകുന്നതെന്ന് ഓർക്കാം.

നമുക്ക് പരിശ്രമിക്കാം... നമ്മുടെ ജീവിതദൗത്യങ്ങൾ ആത്മാർത്ഥമാക്കാൻ. സാഹചര്യങ്ങളും ജീവിതാവസ്ഥകളുമെല്ലാം വ്യത്യസ്തമെങ്കിലും അവയെല്ലാം ആത്മാർത്ഥമായും സന്തോഷത്തോടെയും നമുക്ക് ചെയ്യാം. ക്രിസ്തുവിനായും ദൈവമഹത്ത്വത്തിനായും അനേകർക്കുവേണ്ടിയും നമ്മുടെ ജീവിതത്തെ ക്രമീകരിക്കാം. സ്നാപകനെപ്പോലെ ക്രിസ്തുവിനുവേണ്ടിയും ജനങ്ങൾക്കുവേണ്ടിയും ജീവിക്കുന്നതിൽ അർത്ഥവും ആനന്ദവും കണ്ടെത്താം. ക്രിസ്തുവിന്റെ ജീവിതശൈലിയും ഇപ്രകാരമായിരുന്നില്ലേ. അതിനാൽ മറ്റുള്ളവർക്കായി ജീവിക്കുന്നതിൽ നമുക്ക് സന്തോഷിക്കാം.

നമ്മുടെ ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെയും ആത്മീയതയുടെയും വിശ്വാസത്തിന്റെയും അടിസ്ഥാനപരമായ ഒരു ഘടകവും ഇതുതന്നെയാണ്. 'ദൈവത്തിനുവേണ്ടിയും അനേകർക്കുവേണ്ടിയും.' ഇതുതന്നെയാണ് ക്രിസ്തുവിന്റെ ദിവ്യകാരുണ്യസ്നേഹവും. "നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു" എന്നും "അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന രക്തമാകുന്നു" എന്നും പറയുന്ന വി. കുർബാനയുടെ അന്തസത്തയും ഇതുതന്നെയാണ്. മറ്റുള്ളവർക്കുവേണ്ടി നമ്മൾ ചിലവിടുന്ന സമയവും കഷ്ടപ്പാടും അധ്വാനവും വാക്കും പ്രവർത്തിയും ചിന്തയുമെല്ലാം ഒരിക്കലും വ്യർത്ഥമാവില്ല; എല്ലാം ദൈവമഹത്ത്വത്തിൽ ലക്ഷ്യംവയ്ക്കുമ്പോൾ... അതുകൊണ്ട് ഒരു നിമിഷം മിഴിയടച്ച് പ്രാർത്ഥിക്കാം. ദൈവമേ അങ്ങേക്കുവേണ്ടിയും അനേകർക്കുവേണ്ടിയും ജീവിക്കുന്നതിൽ ആനന്ദം അനുഭവിക്കാൻ ഞങ്ങളെ സഹായിക്കണമേ എന്ന്.

**ഡോ. വിൻസെന്റ് ഇടക്കരോട്ട്**

# ഫെബ്രുവരി 14
# നോമ്പ് 1–ാം ഞായർ

## ഭാഷ്യം

ഏശ 58:1-10 | മത്താ 4:1-11

### ഏശ 58:1-10
### സന്ദർഭം

പ്രവാസത്തിൽനിന്നു മടങ്ങിവന്നിട്ടും പലകാരണങ്ങളാൽ ദുഃഖിതരും നിരാശരുമായി കഴിയുന്ന ജനത്തോട് ദൈവത്തിന്റെ വചനം പ്രഘോഷിക്കുന്ന, മൂന്നാം ഏശയ്യാ എന്നറിയപ്പെടുന്ന, പ്രവാചകൻ അവരുടെ ദുഃഖത്തിന്റെ കാരണങ്ങളും ജീവിതത്തിലെ പാളിച്ചകളും എടുത്തുകാട്ടി പരിഹാരം നിർദ്ദേശിക്കുന്നു. ദൈവം തന്റെ വാക്കുപാലിക്കാത്തതിനാലല്ല അവർ പ്രതീക്ഷിച്ച സമാധാനവും സന്തോഷവും അവർക്ക് ലഭിക്കാത്തത്; മറിച്ച് അവരുടെ തെറ്റായ മനോഭാവങ്ങളും പ്രവൃത്തികളും കാരണമാണ്.

### സാരം

ജനത്തിന്റെ പരാതിയും പ്രവാചകനിലൂടെ ദൈവം നൽകുന്ന മറുപടിയും ഒരു സംഭാഷണശൈലിയിൽ അവതരിപ്പിച്ചിരിക്കുന്നു. തങ്ങൾ ചെയ്യുന്ന പരിഹാരപ്രവൃത്തികൾ കാണുകയോ തങ്ങളുടെ യാചനകൾ കേൾക്കുകയോ ചെയ്യാതെ ദൈവം തങ്ങളെ ശിക്ഷിക്കുന്നു, ഉപേക്ഷിച്ചിരിക്കുന്നു എന്ന ജനത്തിന്റെ പരാതിക്കെതിരെയാണ് ആദ്യമേ പ്രവാചകൻ തിരിയുന്നത്. ആന്തരികത നഷ്ടപ്പെട്ട, അനുഷ്ഠാനംമാത്രം പ്രധാനമായൊരു ആധ്യാത്മികത ഇവിടെ പ്രതിക്കൂട്ടിലാകുന്നു. ഏവർക്കും കേൾക്കാൻ, ഗ്രഹിക്കാൻ കഴിയുംവിധം ഉച്ചത്തിൽ വ്യക്തമായി ദൈവവചനം പ്രഘോഷിക്കാൻ പ്രവാചകൻ നിയുക്തനാകുന്നു. മാനസാന്തരത്തിന്റെ ബാഹ്യപ്രകടനങ്ങളാണ് ഭക്ഷണം ത്യജിക്കൽ, ചാക്കുടുക്കൽ, ഉച്ചത്തിൽ വിലപിക്കൽ മുതലായവ. ജനം ഇതെല്ലാം ചെയ്യുന്നുണ്ടെങ്കിലും അവർ പ്രതീക്ഷിക്കുന്ന ഫലം ലഭിക്കുന്നില്ല. ദാരിദ്ര്യവും പട്ടിണിയും എല്ലാം അനുദിനം ശക്തമാകുന്നതേ ഉള്ളൂ. ഈ സാഹചര്യം എടു

ത്തുകാട്ടി, എന്താണ് യഥാർത്ഥ ഉപവാസം, എങ്ങനെയാണ് ദൈവപ്രീതി നേടാൻ കഴിയുക എന്നു പ്രവാചകൻ വ്യക്തമാക്കുന്നു.

അകവും പുറവും തമ്മിൽ പൊരുത്തം ഉണ്ടാകണം. മുഖംമൂടികൾ അഴിച്ചുമാറ്റി, കാപട്യം വെടിഞ്ഞ്, ദൈവത്തിന്റെ മുമ്പിൽ സത്യസന്ധതയോടെ വ്യാപരിക്കണം. അതിൽ ഏറ്റം പ്രധാനം നീതിപൂർവ്വകമായ ജീവിതമാണ്. ഒരുനേരം ഭക്ഷണം ഉപേക്ഷിച്ചാൽപോരാ, വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുന്നതുപോലുള്ള നീതിയുടെ പ്രവർത്തനങ്ങളാണാവശ്യം. സമൂഹത്തിൽ നീതി പുനഃസ്ഥാപിക്കുക; എല്ലാവരെയും സഹോദരങ്ങളായി പരിഗണിച്ച് ആദരിക്കുക, സഹായിക്കുക, ക്രിയാത്മകമായ സഹോദരസ്നേഹത്തിലൂടെ പ്രകടമാകുന്ന യാഥാർത്ഥ്യമാകുന്ന നീതി.

## സന്ദേശം

ആഗോളസഭയിൽ ആരാധനവർഷത്തിലെ പുതിയൊരുകാലം ആരംഭിക്കുകയാണ്. രക്ഷാകരചരിത്രത്തിന്റെ കേന്ദ്രബിന്ദുവായ, യേശുവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം, മഹത്വീകരണം എന്നിവ ഉൾക്കൊള്ളുന്ന പെസഹാത്തിരുനാളിന് ഒരുക്കമായി ഏഴാഴ്ച ദീർഘിക്കുന്ന കാലമാണ് നോമ്പുകാലം. നൊന്തുസ്നേഹിക്കുക എന്നർത്ഥമുള്ള നൊയ്+ അൻപ് എന്ന രണ്ടു വാക്കുകൾ ചേർന്നതാണ് നോമ്പ്, അഥവാ നൊയമ്പ്. അതിന്റെ ലക്ഷ്യവും ശൈലിയും സൂചിപ്പിക്കുന്ന പദമാണ് ഉപവാസം - അടുത്തുവസിക്കുക.

എപ്രകാരമാണ് നോമ്പും ഉപവാസവും അനുഷ്ഠിക്കേണ്ടത്, എന്തായിരിക്കണം അതിന്റെ ലക്ഷ്യം എന്നു പ്രവാചകവചനങ്ങൾ വ്യക്തമാക്കുന്നു. ബാഹ്യമായ അനുഷ്ഠാനങ്ങൾ ആഴമേറിയ നീതിബോധത്തിന്റെയും സഹോദരസ്നേഹത്തിന്റെയും പ്രകടനങ്ങളാകണം. മത്താ 6:16–18; 25:31–46 ഇതുമായി കൂട്ടിവായിക്കണം. എല്ലാവരുടെയും പിതാവായ ദൈവം തന്റെ മക്കളുടെ വേദനയും ദുഃഖവുമല്ല, സന്തോഷവും സമാധാനവുമാണ് ആഗ്രഹിക്കുന്നത്. പങ്കുവയ്ക്കുന്ന സ്നേഹത്തിലൂടെ അപരന്റെ ദുഃഖം ലഘൂകരിക്കാനും സന്തോഷമായി പകർത്താനും ഉപകരിക്കുന്നതാവണം നോമ്പാചരണം. വ്യക്തിപരമായ മാനസാന്തരവും നീതിനിഷ്ഠമായ സമൂഹജീവിതവും ഉറപ്പുവരുത്തുന്നതാകട്ടെ നമ്മുടെ നോമ്പാചരണം.

**ഡോ. മൈക്കിൾ കാരിമറ്റം**

## മത്താ 4:1-11

## സന്ദർഭം

ഇന്നത്തെ പരിചിന്തനത്തിനും ധ്യാനത്തിനുമായി നിർദേശിച്ചിരിക്കുന്ന സുവിശേഷഭാഗം യേശുവിന്റെ ഉപവാസവും പരീക്ഷകന്റെമേൽ വരിച്ച വിജയവുമാണ്. സമാന്തരസുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിരിക്കുന്നതാണ് ഇവ രണ്ടും. സാത്താനാൽ പരീക്ഷിക്കപ്പെട്ടു എന്ന് മർക്കോസ് ചുരുക്കിപ്പറയുമ്പോൾ മത്തായിയും ലൂക്കായും മൂന്നുപരീക്ഷകൾ വിവരിക്കുന്നു. രണ്ടുപേരും അവതരിപ്പിക്കുന്ന ക്രമത്തിൽ വ്യത്യാസമുണ്ടെങ്കിലും പൊതുവായ സന്ദേശം ഒന്നുതന്നെ.

സ്നാപകനിൽനിന്നും സ്നാനം സ്വീകരിച്ച അവസരത്തിൽ പരിശുദ്ധാത്മാവിനെ നൽകിയും സ്വന്തം പുത്രൻ എന്ന് ഏറ്റുപറഞ്ഞും പിതാവ് യേശുവിനെ ഏൽപ്പിച്ച രക്ഷാകരദൗത്യമാണ് മരുഭൂമിയിൽ പരീക്ഷണവിധേയമാക്കുന്നത്. അതോടൊപ്പം തിന്മയുടെ ശക്തിയായ സാത്താന്റെമേൽ യേശു നിർണായകമായ  വിജയംവരിക്കുന്നു. അതോടെ പറുദീസായിലുണ്ടായ പരാജയവും വീഴ്ചയും തിരുത്തിക്കുറിക്കുന്ന പുതിയ ആദമായി യേശു പ്രത്യക്ഷപ്പെടുന്നു. നാൽപതുവർഷം മരുഭൂമിയിലൂടെ അലഞ്ഞ, പ്രലോഭനങ്ങളിൽ വീണുപോയ ഇസ്രായേൽ ജനത്തിന്റെ ചരിത്രവും യേശു തിരുത്തുന്നു. ഈ വിജയത്തിനുശേഷമാണ് യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത്. മരുഭൂമിയിൽവച്ചു നേടിയ വിജയം അത്ഭുതപ്രവർത്തനങ്ങളിലൂടെ പരസ്യജീവിതത്തിൽ  പ്രകടമാകുന്നു.

## സാരം

സാത്താന്റെ ആവാസസ്ഥലമായി മരുഭൂമി കരുതപ്പെട്ടിരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയോടെ യേശു സാത്താന്റെ കോട്ട ആക്രമിച്ചു കീഴടക്കുന്നു. ഉപവാസം ദൈവത്തോടുള്ള അടുപ്പത്തിന് ഊന്നൽ നൽകുന്നു; ഒപ്പം പരീക്ഷണത്തിന്റെ രൂക്ഷതയ്ക്കും. ഏകാന്തതയുടെ സ്ഥലമാണ് മരുഭൂമി. ദൈവത്തോടൊന്നിച്ചായിരിക്കാൻ ഏറ്റം അനുയോജ്യമായ സ്ഥലം. പരീക്ഷ-പ്രലോഭനം എന്ന രണ്ടു വാക്കുകൾ ശ്രദ്ധിക്കണം. വിശ്വസ്തത തെളിയിക്കാനുള്ള അവസരമാണ് പരീക്ഷ. എന്നാൽ ദൈവത്തിൽ നിന്നകലാൻ പ്രേരിപ്പിക്കുന്നതാണ് പ്രലോഭനം. ഇവിടെ രണ്ടും പ്രസക്തമാണ്. ദൈവേഷ്ടത്തിനു പകരം സ്വന്തംഹിതം അനുസരിച്ചുപ്രവർത്തിക്കാൻ സാത്താൻ പ്രലോഭിപ്പിക്കുന്നു; പിതാവിനോടുള്ള വിധേയത്വവും വിശ്വസ്തതയും തെളിയിക്കാനുള്ള അവസരങ്ങളായി, പരീക്ഷകളായി യേശു ഇതിനെ കാണുന്നു.

അപ്പമാണ് ആദ്യത്തെ പ്രലോഭനവിഷയം. മനുഷ്യന്റെ ഏറ്റം അടിസ്ഥാനാവശ്യമാണ് ആഹാരം. കല്ലുകളെ അപ്പമാക്കി മാറ്റുന്നത് തന്റെമാത്രമല്ല സകലരുടെയും വിശപ്പടക്കാൻ എളുപ്പമാർഗമാകും. തന്റെ ദൈവികശക്തിയെ

ഭൗതികനേട്ടങ്ങൾക്കായി ഉപയോഗിക്കാൻ യേശു തയ്യാറല്ല; അതോടൊപ്പം മനുഷ്യനെ അപ്പത്തിന്റെ അടിമയാക്കരുത് എന്നും അനുസ്മരിപ്പിക്കുന്നു. ഗോപുരമുകളിൽനിന്നു താഴേയ്ക്ക് ചാടുന്നത് വിസ്മയജനകമായ അത്ഭുത പ്രവർത്തനമാണ്. യേശു അതും തിരസ്ക്കരിക്കുന്നു. ഭൗതികാധികാരമാണ് മൂന്നാമത്തെ പ്രലോഭനം. സാത്താനെ ആരാധിക്കുന്നതിന് തുല്യമാണത്. യേശു ഉറച്ചുനിന്നു, രക്ഷയുടെ മാർഗങ്ങളായി നിർദേശിക്കപ്പെട്ട അപ്പം, അത്ഭുതം, അധികാരം മൂന്നും തിരസ്ക്കരിച്ചു. അവശേഷിക്കുന്നത് കുരിശിന്റെ വഴി, അനുസരണം മാത്രം.

## സന്ദേശം

പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് തിരസ്ക്കരിക്കാൻ കഴിയണം. ഭൗതികവസ്തുക്കൾ മാത്രംപോരാ. മനുഷ്യന് ദൈവവചനമാണ് അപ്പത്തേക്കാൾ കൂടുതൽ ആവശ്യം. അത്ഭുതങ്ങൾതേടി അലയരുത്; മനുഷ്യനെ അത്ഭുതങ്ങൾകാട്ടി പ്രലോഭനത്തിൽ വീഴ്ത്തരുത്. അധികാരം സേവനമാണ്; കാൽകഴുകാൻവേണ്ടി അപരന്റെ മുമ്പിൽ മുട്ടുകുത്താൻമാത്രം വിനയവും സേവനസന്നദ്ധതയുമുള്ള അധികാരം. കുരിശെടുത്ത് യേശുവിനെ അനുഗമിക്കാനുള്ള ആഹ്വാനമാണ് നോമ്പും ഉപവാസവും എന്നുമറക്കാതിരിക്കാം.

**ഡോ. മൈക്കിൾ കാരിമറ്റം**

---

# പ്രസംഗം

## പ്രലോഭനമില്ലാത്തവനു പുണ്യമുണ്ടോ?

പരീക്ഷകളെല്ലാം നമ്മുടെ മാറ്റുരച്ചുനോക്കാനുള്ള അവസരങ്ങളാണ്. പരീക്ഷിക്കപ്പെടുന്നതിനായി യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു. പരീക്ഷകൾ നമ്മെ തിന്മയിലേക്ക് നയിക്കുന്നവയല്ല; തിന്മയെ കീഴടക്കാനുള്ള ബലം നമ്മിൽ രൂപപ്പെടുത്തുന്നവയാണ്. പ്രലോഭനങ്ങൾ നാം മനുഷ്യരായിരിക്കുന്നതിന്റെ ശിക്ഷയല്ല; അത് മനുഷ്യത്വത്തിന്റെ മഹത്വമാണ്. ക്രിസ്തു കടന്നുപോയതു കണക്കെയുള്ള പരീക്ഷകളിലൂടെ നാം കടന്നുപോകുമ്പോൾ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ഉപയോഗയോഗ്യമായ പാത്രങ്ങളായി നാം രൂപപ്പെടുന്നു.

പ്രസിദ്ധ ഫ്രഞ്ചുചിന്തകനായ സാർത്ര് മനുഷ്യന്റെ സത്താപരമായ ഏറ്റവും വലിയ സവിശേഷതയെന്തെന്ന് അന്വേഷിക്കുന്നുണ്ട്. നിഷേധപ്രാപ്തിയാണ് മനുഷ്യനെ മനുഷ്യനാക്കുന്നതെന്ന് സാർത്ര് കരുതുന്നു. പച്ചപ്പുല്ലിന്റെമുമ്പിൽ പശുവിനു നിരാഹാരം കിടക്കാനാവില്ല. അങ്ങേ വീട്ടിലെ ചക്കിപ്പൂച്ചയുടെ നിറം കറുപ്പായതിനാൽ അതുമായി ഇണചേരില്ലെന്ന് ഒരു കണ്ടൻപൂച്ചയും നിശ്ചയിക്കാറില്ല. എന്നാൽ ഒരു മനുഷ്യന് ആഹാരത്തിന്റെ മുമ്പിൽ

നിരാഹാരവും കല്ല്യാണത്തിന്റെ മുമ്പിൽ കന്യാവ്രതവും സ്വീകരിക്കാനാവും. ഈ നിഷേധമാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. ജന്മവാസനകളെയെല്ലാം ശമിപ്പിക്കുന്ന തരത്തിലുള്ള മൃഗീയമായ ഭോഗാവസ്ഥയിൽനിന്നും ആത്മീയ തയുടെ യോഗാവസ്ഥയിലെത്തിച്ചേരാൻ നമുക്കെല്ലാവർക്കും ഒരു മരുഭൂമി വാസം ആവശ്യമാണെന്ന ഓർമപ്പെടുത്തലോടെയാണ് നോമ്പുകാലം ഒന്നാം ഞായറാഴ്ചയായ ഇന്നത്തെ സുവിശേഷം ആരംഭിക്കുന്നത്. ആ മരുഭൂമിയിൽ യേശു ഒറ്റയ്ക്കാണ്. 'ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദി ച്ചിരിക്കുന്നു' എന്ന് പിതാവ് അരുളിചെയ്തു. ആ മൊഴി ഒരു ദൗത്യത്തെക്കു റിച്ചുള്ള ഓർമപ്പെടുത്തലാണ്. ആ ദൗത്യത്തിനായി തന്നെത്തന്നെ ഒരുക്കാൻ ആത്മീയതയുടെ യഥാർത്ഥ രോഗാവസ്ഥയിലെത്തിച്ചേരാൻ യേശു തപസ്സ നുഷ്ഠിക്കുന്നു.

ദൈവത്തിന്റെ സ്വരം കേൾക്കാനും ദൈവികപദ്ധതിയനുസരിച്ച് ജീവിതം ക്രമപ്പെടുത്താനുള്ള കുതറിമാറലിന്റെ പേരാണ് മരുഭൂമിവാസം. അപ്പത്തിന്റെ ഭൗതികതയ്ക്കതീതമായി ചിന്തിക്കാൻ നേരമില്ലാതെ വ്യഗ്രതപൂണ്ട് നടക്കു ന്നവരൊക്കെ മരുഭൂമിയിലേക്ക് പ്രവേശിച്ച് ഈ ലോകസുഖത്തിന്റെ ചഷകമ ധുരപാനപാത്രമാസ്വദിക്കലും സമ്പത്തിന്റെയും പദവിയുടെയും അധികാര പ്രമത്തതയുടെയും ഉന്മാദങ്ങളിലാറാടി നടക്കുന്നവരും മരുഭൂമിയിലേക്ക് പ്രവേ ശിച്ച് ദൈവസ്വരം കേൾക്കേണ്ടതുണ്ട്. അതിന് നമ്മെ സഹായിക്കുന്ന ഈ പരിത്യാഗത്തിന്റെ നാളുകളിൽ ജീവിതത്തിലാവർത്തിക്കുന്ന പരീക്ഷകളെ നേരിടാനുള്ള ബലത്തിനായ് തപസ്സനുഷ്ഠിക്കാം.

തപസ്സിനുശേഷമാണ് പരീക്ഷകൻ പരീക്ഷണം ആരംഭിക്കുന്നത്. അത് പിന്നെ മരണംവരെ തുടരുകയും ചെയ്യും. നിതാന്തജാഗ്രതയാണ് നമ്മുടെ സ്വാതന്ത്ര്യത്തിനു നാം നൽകേണ്ട വില. 1. വിശക്കുമ്പോൾ അപ്പമാണ് മനു ഷ്യൻ തേടുന്നത്. അത്രയേ പ്രലോഭകൻ യേശുവിനെ ഓർമിപ്പിച്ചുള്ളൂ. ദൈവ പുത്രനായതിനാൽ ചുറ്റുമുള്ള ചുണ്ണാമ്പ് കല്ലുകളെ അപ്പമാക്കാനാവും. രണ്ട് തരത്തിലാണ് ഒന്നാമത്തെ പരീക്ഷയിൽ യേശു പ്രലോഭിപ്പിക്കപ്പെടുന്നത്. a. തന്റെ ദൈവപുത്രത്വത്തെ സ്വാർത്ഥതാൽപര്യത്തിനായി വിനിയോഗിക്കുക; തന്റെ വിശപ്പിനെ ശമിപ്പിക്കാൻ! b. കല്ലുകളെ അപ്പമാക്കികഴിച്ചാലും വിശപ്പ് ഇനിയും ഉണ്ടാകില്ലേ. അപ്പോൾ വിശപ്പിനെ പ്രതിരോധിക്കാൻ യഥാർത്ഥ ശമനവും സംതൃപ്തിയും രൂപപ്പെടാൻ ഒരാൾ എന്തുചെയ്യേണ്ടതുണ്ടെന്നുള്ള തിരിച്ചറിവ്. യേശുവിന്റെ ഉത്തരം ശാശ്വതമായ സമാധാനവും പരീക്ഷണ ത്തിലുള്ള വിജയവുമായി മാറുന്നു; "മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവ ത്തിന്റെ നാവിൽ നിന്നുപുറപ്പെടുന്ന വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്. "ദൈവത്തിൽ ആശ്രയിക്കുക, അവിടുത്തെ വചനത്തിൽ ജീവിക്കുക- അത് മാത്രമാണ് വിശപ്പിനെ ഇല്ലാതാക്കാനുള്ള ശാശ്വതപരിഹാരം. തന്റെ ദൈവ പുത്രസ്ഥാനത്തെ ക്രിസ്തു ദുരുപയോഗിച്ചില്ല എന്നുമാത്രമല്ല അപ്പംകൊണ്ട്

മാത്രം ശമിപ്പിക്കപ്പെടുന്നതല്ല ഒരു വിശപ്പെന്നും നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. അപ്പത്തിനുമുന്നിൽ നിഷേധിയാകുന്ന ഈ സ്വത്വബോധമാണ് മനുഷ്യനെ ആത്മീയാനന്ദത്തിലേക്കും യഥാർത്ഥ സംതൃപ്തിയിലേക്കും നയിക്കുന്നത്.

2. തന്റെ ദൗത്യത്തെ എളുപ്പമാക്കുകയെന്ന പ്രലോഭനത്തെയാണ് യേശു രണ്ടാമത് നേരിടുന്നത്. അത്ഭുതപ്രവർത്തകനാകുക; ജനം മുഴുവൻ അതിലാകൃഷ്ടരാകും. കാര്യങ്ങൾ എളുപ്പമാകും. താഴേക്കു ചാടിയാലും ദൈവം രക്ഷിക്കുമെന്നു പറയുന്ന, ദൈവത്തിനിതൊക്കെയാണ് പണിയെന്ന് കരുതി ജീവിതം ക്രമപ്പെടുത്തുന്ന എളുപ്പവഴികളിലൂടെ ക്രിയ ചെയ്യാനുള്ള പ്രലോഭനത്തെയാണ് നാമിനി അതിജീവിക്കേണ്ടത്. പണം നേടാൻ, പദവി കരസ്ഥമാക്കാൻ, പരീക്ഷയിൽ ജയിക്കാൻ, ഇന്റർവ്യൂ കടന്നുകൂടാൻ, ജോലി കിട്ടാൻ ഒക്കെ എളുപ്പവഴികൾ ഓഫർ ചെയ്യപ്പെടുന്നുണ്ട്. എല്ലാം ദൈവം നോക്കിക്കൊള്ളും; ദൈവത്തിനെല്ലാമറിയാമെന്നു നിനച്ച് ദൈവത്തെ പരീക്ഷിക്കല്ലേ. നാം കാഴ്ചവയ്ക്കേണ്ട അധ്വാനവും പരിശ്രമവും നാം കാഴ്ചവയ്ക്കുക തന്നെവേണം.

3. മൂന്നാമത്തെ പ്രലോഭനമാണ് നമ്മെയൊക്കെ വല്ലാത്ത പരീക്ഷണത്തിലേക്ക് നയിക്കുന്നത്. ലോകം മുഴുവനെയും നേടാനാണല്ലോ നീ വന്നത്. സമയം കളയേണ്ടതില്ല. ഒരു പ്രാവശ്യം എന്നെയൊന്ന് കുമ്പിട്ടാരാധിച്ചാൽമതി. ഒറ്റത്തവണമാത്രം. അതിനുമുമ്പും അതിനുശേഷവും അങ്ങനെ ചെയ്യണമെന്നില്ല. ഒറ്റ പ്രാവശ്യം! ഒരു പ്രാവശ്യമൊന്നു കോംപ്രമൈസ് ചെയ്യു. ഒരു തവണമാത്രം ഒരു ധാരണ. യേശുവിനറിയാം തിന്മയുമായി ധാരണയിലെത്തുന്നവർക്ക് തിന്മയെ ജയിക്കാനാവില്ലെന്ന്. അതൊരുതരം അടിമത്തമാണ്. “ഈ ബന്ധം ഒരു തവണമാത്രം; സ്നേഹംകൊണ്ടല്ലേ.” ഈ പെഗ്ഗ് മാത്രം നമ്മുടെ ഒരു കൂട്ടായ്മയുടെ ഭാഗമല്ലേ. ഒന്നു കണ്ണടച്ചാൽ മതി, ആ കോൺട്രാക്ട് എനിക്കും കിട്ടും. ഈയൊരു തവണമാത്രം ഈ സർട്ടിഫിക്കറ്റൊന്നു തിരുത്തിയാൽ മതി, എനിക്കാ ജോലി കിട്ടും.” എല്ലാ വെള്ളിയാഴ്ചയും മാംസഭക്ഷണം കഴിക്കുന്നില്ലല്ലോ, ഇന്ന് ഇങ്ങനെയൊരു വിശേഷദിവമായതുകൊണ്ടല്ലേ” ഒറ്റത്തവണ! എല്ലാ പ്രലോഭനവും ഒറ്റത്തവണത്തേയ്ക്കുള്ള ഒത്തുതീർപ്പാണെന്നോർക്കുക.

തന്റെ പരീക്ഷകളെ, വിജയിച്ചതിലൂടെ യേശു നിലപാട് വ്യക്തമാക്കി; എല്ലാ വിശപ്പും ഉണരുമ്പോൾതന്നെ ശമിപ്പിക്കേണ്ടതില്ല. എളുപ്പവഴിയിൽ ക്രിയ ചെയ്തല്ല തന്റെ ദൗത്യം പൂർത്തീകരിക്കേണ്ടത്. തിന്മയുമായി ഒരു പ്രാവശ്യംപോലും കോംപ്രമൈസ് ചെയ്തുകൂടാ.

**ഫാ. വർഗീസ് തൊട്ടിയിൽ**

# ഫെബ്രുവരി 21
# നോമ്പ് 2–ാം ഞായർ

## ഭാഷ്യം

ജോഷ്വാ 4:15–24 | മത്താ 7:21–27

### ജോഷ്വാ 4:15–24

### സന്ദർഭം

ജോഷ്വായുടെ നേതൃത്വത്തിൽ വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുന്നതിനു മുമ്പ് ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിൽ ജോർദാൻനദി കടന്നതിന്റെ വിവരണത്തിന്റെ അവസാനഭാഗമാണ് ഇന്നത്തെ വായന.

### സാരം

മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽജനം ഈജിപ്തിൽനിന്ന് പുറത്തുവന്നു ചെങ്കടൽ കടന്ന് സീനായ്മലയിൽ എത്തിയതുപോലെ ജോഷ്വായുടെ നേതൃത്വത്തിൽ ചെങ്കടൽ കടന്ന് വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കുന്നത്. ജോഷ്വായുടെ നേതൃത്വത്തിനുള്ള തെളിവും അംഗീകാരവുമാണിത്. മാത്രമല്ല, പ്രപഞ്ചശക്തികൾ ദൈവത്തെ അനുസരിക്കുന്നു എന്നതിന്റെ തെളിവുകൂടിയാണ് ഇത്.

### സന്ദേശം

ഗിൽഗാലിൽ സ്മാരകശിലകൾ സ്ഥാപിക്കുന്നതിന് മൂന്ന് കാരണങ്ങൾ അഥ വാ മൂന്ന് ലക്ഷ്യങ്ങൾ ഗ്രന്ഥകർത്താവ് വിവരിക്കുന്നുണ്ട്. ഒന്നാമതായി, ദൈവത്തിന്റെ അത്ഭുതപ്രവർത്തികൾ തലമുറകളിലൂടെ അറിയപ്പെടുന്നതിനുവേണ്ടി. രണ്ടാമതായി, ജനം ദൈവത്തെ ഭയപ്പെട്ടു അവിടുത്തെ അനുസരിച്ച് ജീവിക്കുന്നതിനുവേണ്ടി. മൂന്നാമതായി, ഇസ്രായേലിന്റെ ദൈവമാണ് സത്യദൈവം എന്ന് ലോകജനങ്ങൾ അറിയുന്നതിനുവേണ്ടി. വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുന്നതോടുകൂടി ഇസ്രായേലിന്റെ ചരിത്രത്തിലെ ഒരു പുതിയ ഘട്ടം ആരംഭിക്കുകയാണ്. അത് സാധ്യമാകുന്നതോ, ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിലൂടെയും. വാഗ്ദത്തദേശം കീഴടക്കാൻ അനുകൂലമായ സാഹചര്യവും അത് സൃഷ്ടിക്കുന്നു.

ദൈവത്തിന്റെ രക്ഷാകരപദ്ധതികൾ തലമുറകൾതോറും അനുസ്മരിക്കേണ്ടവയാണ്. അത് നമ്മുടെ കടമയാണ്. പ്രതിസന്ധികളിൽ പ്രത്യാശ പകരുന്നതിനും ദൈവസാന്നിധ്യം എന്നും തങ്ങളോടൊപ്പം ഉണ്ടെന്നും അവിടുന്നിൽ ആശ്രയിച്ചാൽമാത്രമേ മുന്നോട്ടുപോകാൻ സാധിക്കൂ എന്നും തലമുറകളെ ബോധ്യപ്പെടുത്തിയത് ഗിൽഗാലിൽ സ്ഥാപിക്കപ്പെട്ട സ്മാരകശിലകളാണ്. ദൈവത്തിന്റെ അനന്തകരുണയും സ്നേഹവും അനുഭവിച്ചറിഞ്ഞ നമ്മുടെ ജീവിതംതന്നെയാകട്ടെ വരുംതലമുറകൾക്കുള്ള യഥാർത്ഥ സ്മാരകശിലകൾ.

**ഡോ. മാത്യു ഓലിക്കൽ mcbs**

---

## മത്താ 7:21-27

## സന്ദർഭം

യേശുമിശിഹായുടെ രക്ഷാകരവിപ്ലവത്തിന്റെ സാരസംഗ്രഹമാണ് മലയിലെ പ്രസംഗം (മത്താ 5:7). മലയിലെ പ്രസംഗത്തിന്റെ ഉപസംഹാരമാണ് 7:21-27. നിയമങ്ങൾ കൃത്യമായി അനുസരിച്ചും എല്ലാ പ്രാർത്ഥനകളും ഉരുവിട്ടും ഉപവസിച്ചും ദാനധർമ്മം നടത്തിയും ദൈവത്തിന് പ്രിയപ്പെട്ടവരാകാം എന്ന് കരുതിയവരെ, ഈശോ പരിഗണിക്കുന്നത് 'കർത്താവേ, കർത്താവേ എന്ന് അധരംകൊണ്ട് വിളിക്കുന്നവരുടെ ഗണത്തിലാണ്.'

## സാരം

1. ദൈവനാമത്തിൽ പ്രസംഗിക്കുക, പ്രവചിക്കുക, പിശാചുക്കളെ പുറത്താക്കുക എന്നിവയൊക്കെ വലിയ ദൈവികശക്തിയ്ക്ക് ഉടമകളായതിന്റെ ഫലങ്ങളായിട്ടാണ് യഹൂദർ കണക്കുകൂട്ടിയിരുന്നത്. പലപ്പോഴും ദൈവവുമായുള്ള ഒരാളുടെ ബന്ധം എന്നതുപോലും അയാളുടെ അത്ഭുതപ്രവർത്തനശക്തികളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയിരുന്നു.

2. ഈശോയ്ക്ക് ഏറ്റം പ്രധാനപ്പെട്ടത് തന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതാണ്. വെറും വാചികപ്രാർത്ഥനകളും അനുഷ്ഠാനങ്ങളും അത്ഭുതപ്രവർത്തനങ്ങളും ദൈവത്തെ സന്തോഷിപ്പിക്കാൻ മതിയാവില്ല. ദൈവപ്രീതി ആർജിക്കാൻ സാധിക്കുന്നത് പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നതിലൂടെയാണ്. ദൈവഹിതം അനുവർത്തിക്കുന്ന ജീവിതമാണ് ദൈവപിതാവിന് ഏറ്റം പ്രീതികരം.

3. തന്നെത്തന്നെ വലിയവനും ദൈവികനുമായി അവതരിപ്പിക്കാൻ പ്രാർത്ഥനകൾ ഉരുവിടുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നതിനെ അനീതി പ്രവർത്തിക്കുന്നതിന് തുല്യമായാണ് ഈശോ കണക്കുകൂട്ടു

ന്നത്. ഇക്കൂട്ടരെ ഈശോ വിളിക്കുന്നത് "അനീതി പ്രവർത്തിക്കുന്നവരേ" (7:23) എന്നാണ്. കപടത നിറഞ്ഞ അവരോട് ഈശോ പറയുന്നത് "നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല... നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ" (7:23) എന്നാണ്. ഇവർ "മണൽപ്പുറത്ത് ഭവനംപണിത ഭോഷനു തുല്യനായിരിക്കും" (7:26).

## സന്ദേശം

'തന്നോടൊപ്പം ആയിരിക്കാൻ' വിളിക്കപ്പെടുന്ന ഓരോ വിശ്വാസിയും ദൈവവചനം സ്വീകരിക്കുകയും വചനാനുസൃതജീവിതത്തിലൂടെ സ്വർഗീയ പിതാവിന്റെ ഇഷ്ടം നിറവേറ്റുകയുംവേണം. അപ്പോൾ മാത്രമേ ഒരുവന് "സ്വർഗരാജ്യത്തിൽ പ്രവേശിക്കാൻ" (7:21) സാധിക്കൂ. കാരണം അവൻ "പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും" (7:24). അവൻ മാത്രമേ 'നല്ല ഫലങ്ങൾ പുറപ്പെടുവിക്കൂ' (7:15-20); 'ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും' ആയിത്തീരൂ (5:13-16); സ്വർഗത്തിൽ നിക്ഷേപങ്ങൾ കരുതിവയ്ക്കുന്നവൻ (6:19-21) ആകും. അവനുമാത്രമേ 'തിന്മയെ നന്മകൊണ്ട് ജയിക്കാനും' (6:38-42) 'ശത്രുക്കളെ സ്നേഹിക്കാനും' (6:42-47) 'സ്വർഗപിതാവിന്റെ പരിപൂർണ്ണതയിൽ പങ്കുപറ്റാനും സാധിക്കൂ' (6:48).

**ഡോ. മാത്യു കഴുതാടിയിൽ**

# പ്രസംഗം

## യഥാർത്ഥശിഷ്യൻ

ഇന്ന് നോമ്പുകാലം രണ്ടാം ഞായറാഴ്ച, യേശുവിന്റെ യഥാർത്ഥശിഷ്യൻ ആരായിരിക്കണം എങ്ങനെയായിരിക്കണം എന്ന് ഗിരിപ്രഭാഷണം എന്ന സിലബസ് ഉപയോഗിച്ചുകൊണ്ട് അവിടുന്ന് പഠിപ്പിക്കുകയാണ്. 'സ്വർഗരാജ്യത്തിന്റെ തീട്ടൂരം' അഥവാ 'ക്രൈസ്തവജീവിതത്തിന്റെ മാത്രകവാടം' എന്ന് വിശേഷിപ്പിക്കുന്ന വിശ്വപ്രസിദ്ധമായ വചനഭാഗമാണ് ഗിരിപ്രഭാഷണം. ഭാരതത്തിന്റെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി: 'എന്റെ ജീവിതത്തെ ഏറ്റവുമധികം സ്വാധീനിച്ച ബൈബിൾഭാഗം യേശുവിന്റെ ഗിരിപ്രഭാഷണമെന്ന്' അതെ, സഹോദരങ്ങളേ, ഒരു ക്രിസ്ത്യാനി ആരായിരിക്കണം എന്ന് വ്യക്തമായ ദിശാവബോധം നല്കുന്ന സൂചികയാണ് ഗിരിപ്രഭാഷണം. ഈ വചനഭാഗത്തിലൂടെ യേശു മൂന്നു കാര്യങ്ങൾ നമ്മോട് ആവശ്യപ്പെടുന്നു.

1. വ്യാജപ്രചാരകന്മാർക്കെതിരെ നാം ജാഗ്രത പുലർത്തണം.

വ്യാജസിദ്ധന്മാർക്കും അവരുടെ അത്ഭുതങ്ങൾക്കും സമൂഹത്തിൽ എന്നും നല്ല മാർക്കറ്റുണ്ട്. അത്ഭുതം പ്രവർത്തിക്കുന്നവന്റെ വിശ്വസനീയതയേക്കാൾ ഉപരി അത്ഭുതങ്ങളുടെ കമ്പോളത്തിനാണ് എന്നും ഡിമാന്റ്. കാരണം, നാം ആഗ്രഹിക്കുന്നത് കേവലം കാര്യസാധ്യതമാത്രമാണ്. ഇങ്ങനെ അത്ഭുതം പ്രവർത്തിക്കുന്ന വ്യാജസിദ്ധന്മാരുടെ ആധികാരികത നമ്മൾ പലപ്പോഴും മനസ്സിലാക്കാൻ ശ്രമിക്കാറില്ല എന്നതാണ് സത്യം. പഴയനിയമത്തിൽ നിയമാവർത്തനപുസ്തകം 13:1—5-ൽ വിഗ്രഹാരാധനയെക്കുറിച്ചും വ്യാജപ്രവാചകന്മാരെക്കുറിച്ചും മുന്നറിയിപ്പ് നല്കുന്നുണ്ട്: "നിങ്ങൾ പ്രവാചകന്റെയോ വിശകലനക്കാരന്റെയോ വക്കുകൾ കേൾക്കരുത്. എന്തുകൊണ്ടെന്നാൽ നിങ്ങൾ പൂർണഹൃദയത്തോടും പൂർണാത്മാവോടുംകൂടെ തന്നെ സ്നേഹിക്കുന്നുണ്ടോ എന്നറിയാൻ നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങളെ പരീക്ഷിക്കുകയാണ്." അവിടുന്ന് വീണ്ടും പറയുന്നു: "നിങ്ങളും ദൈവമായ കർത്താവിനെ അനുഗമിക്കുകയും ഭയപ്പെടുകയും ചെയ്യുവിൻ" (വാക്യം 4).

ആരാണ് യഥാർത്ഥശിഷ്യൻ? തന്നിലേയ്ക്കു ആളുകളെ ആകർഷിച്ചു അടുപ്പിക്കുന്നവരല്ല, മറിച്ച് യേശുവിലേയ്ക്കു ആളുകളെ നയിക്കുന്നവനാണ്. വാക്കും പ്രവർത്തിയും  തമ്മിൽ വൈരുദ്ധ്യമില്ലാത്തവനാണ് യഥാർത്ഥ ശിഷ്യൻ. ഇത്തരം വ്യക്തിക്ക് പേരും പ്രശസ്തിയും കൈയടിയും ആർപ്പുവിളിയും സാമ്പത്തികനേട്ടവുമല്ല ലക്ഷ്യം, എല്ലാറ്റിനുമുപരി മറ്റുള്ളവരെ ദൈവത്തിലേക്കും സഭയിലേക്കും നയിക്കുക എന്നതാണ്. അതുകൊണ്ട്  അനീതി ഉപേക്ഷിച്ചുകൊണ്ട് വചനം അനുസരിക്കുന്നവരാകണം. എങ്കിൽമാത്രമേ,  ദൈവമഹത്വത്തിനും സഭാകൂട്ടായ്മയുടെ വളർച്ചയ്ക്കുമായി ചെയ്യുന്ന അത്ഭുതപ്രവൃത്തികളേ യേശുനാമത്തിലക്കുള്ള അത്ഭുതപ്രവൃത്തികളാകുന്നുള്ളു.

2. കപടഭക്തരാകാതെ നീതിയുള്ളവരാകുക.

ദൈവഹിതപ്രകാരം ജീവിക്കുകയാണ് സ്വർഗപ്രവേശനത്തിനുള്ള ഏകമാർഗം. പ്രാർത്ഥനമാത്രമല്ല, അനീതി ഉപേക്ഷിച്ചുകൊണ്ടുള്ള ജീവിതമാണ് പ്രധാനം. പ്രാർത്ഥനയും അനീതിയും തമ്മിൽ ഒട്ടും ബന്ധപ്പെട്ടുപോകുന്നതല്ല. ഭക്തിയുടെ മാറാപ്പു ചുമന്നുകൊണ്ട് അനീതിയിൽ ജീവിക്കുന്ന കപടഭക്തരുണ്ട്. അർഹതപ്പെട്ട വേതനം കൊടുക്കാതിരിക്കുക, കഠിനമായി ജോലി ചെയ്യിപ്പിച്ച് പീഡിപ്പിക്കുക, അടിമപ്പണിചെയ്യിക്കുക, വേതനം പിടിച്ചുവയ്ക്കുക, തൊഴിലാളിയോട് അപമര്യാദയായി പെരുമാറുക. അനീതിയുടെ ആവരണകുപ്പായത്തിനുള്ളിൽ ഭക്തിയുടെ വെള്ളപൂശി നേടിയെടുക്കാവുന്നതല്ല സ്വർഗരാജ്യം. വി.മത്തായിയുടെ സുവിശേഷം 25-ാം അധ്യായം 37-ാം തിരുവചനം പറയുന്നു: 'വിശക്കുന്നവന് ആഹാരവും, ദാഹിക്കുന്നവന് പാനീയവും പരദേശിക്കു അഭയവും നഗ്നന് വസ്ത്രവും രോഗികളെയും തടവുകാ

രെയും സന്ദർശിക്കുകയും ചെയ്യുന്നവരാണ് നീതിമാന്മാർ. ഇങ്ങനെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നവർക്കാണ് സ്വർഗരാജ്യം ലഭിക്കുക.

3. വചനപാലകരാകുക

പാറമേൽ വീട് പണിയുക എന്നുവച്ചാൽ യേശുവിന്റെ പ്രബോധനമനുസരിച്ച് ജീവിക്കുക എന്നർത്ഥം. നിയമാവർത്തനം 28:13 നമ്മെ ഓർമപ്പെടുത്തുന്നു: "നിന്റെ ദൈവമായ കർത്താവിന്റെ കല്പനകൾ ശ്രവിച്ച് അവ ശ്രദ്ധാപൂർവം പാലിക്കുമെങ്കിൽ നിനക്ക് അഭിവൃദ്ധിയുണ്ടാകും"എന്ന്. അവിടുത്തെ വചനമനുസരിച്ച് ജീവിക്കുന്നവനെ പാറമേൽ അടിത്തറയിട്ട് വീടുപണിത വിവേകമതിയായ മനുഷ്യനോടാണ് അവിടുന്ന് ഉപമിക്കുന്നത്. ഏത് കൊടുങ്കാറ്റിലും വെള്ളപ്പൊക്കത്തിലും തകർക്കാനാവാത്ത ഉറപ്പാണ് അതിനുള്ള മേന്മ.

എന്നാൽ, മണൽപ്പുറത്തു ഭവനം പണിയുന്നവൻ ഭോഷനാണ്. ജീവിതതകർച്ചകളും കടബാധ്യതകളും രോഗങ്ങളും ഉറ്റവരുടെ ആകസ്മികവിയോഗങ്ങളും പ്രലോഭനങ്ങളുമൊക്കെ ഉണ്ടാകുമ്പോൾ തകർന്നുവീഴാനുള്ള കാരണം വചനാധിഷ്ഠിത അടിത്തറയില്ലാത്തതാണ്. വചനം കേൾക്കുന്നത് വചനം അനുസരിക്കുന്നതിന് പകരമാകില്ല. 1 യാക്കോബ് 1:22-ൽ നാം വായിക്കുന്നു: "നിങ്ങൾ വചനം കേൾക്കുകമാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ, അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ," എന്ന്. അതേ പ്രവൃത്തിയും വിശ്വാസവും ഒത്തുചേർന്നുപോകണം. എന്തെന്നാൽ പ്രവൃത്തികൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജീവമാണ്" (യാക്കോ 2:14-17) ആകയാൽ യേശുവിന്റെ വചനമനുസരിച്ച് ജീവിക്കാം. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും" (യോഹ 14:21). അതിനാൽ യേശുവിന്റെ വചനമനുസരിച്ച് ജീവിക്കുന്ന പാറമേൽ ഉറച്ചഭവനം പണിയുന്ന വിവേകമതിയായ മനുഷ്യനെപ്പോലെ നമുക്കും ജീവിക്കാം.

**ഫാ. സ്കറിയ വേകത്താനം**

# ഫെബ്രുവരി 28
# നോമ്പ് 2–ാം ഞായർ

## ഭാഷ്യം

### ജോഷ്വാ 5:13-6:5 | മത്താ 20:17-28

### ജോഷ്വാ 5:13-6:5

### സന്ദർഭം

വാഗ്ദാനദേശം കീഴടക്കുന്നതിനുമുൻപ് ജോഷ്വായ്ക്ക് ലഭിക്കുന്ന ദൈവദൂതന്റെ ദർശനത്തെപറ്റിയുള്ള വിവരണമാണ് ഇന്നത്തെ വായനയുടെ ആദ്യഭാഗം. തുടർന്ന് ജെറീക്കോപട്ടണം എങ്ങനെ കീഴടക്കണം എന്നതിനെക്കുറിച്ചുള്ള നിർദേശങ്ങളും.

### സാരം

വാഗ്ദാനദേശം കൈയടക്കാനുള്ള ഒരുക്കങ്ങളുടെ സമാപനമാണ് ജോഷ്വായ്ക്ക് ലഭിക്കുന്ന ദൈവദൂതന്റെ ദർശനം. മാത്രമല്ല, ദേശം കീഴടക്കാനുള്ള പോരാട്ടങ്ങളുടെ തുടക്കവും. കർത്താവിന്റെ സൈന്യത്തെക്കുറിച്ചുള്ള സൂചനയും ദൂതന്റെ സാന്നിധ്യവും ദൈവംതന്നെയാണ് വാഗ്ദത്തഭൂമി കീഴടക്കാനുള്ള പോരാട്ടത്തെ നയിക്കുന്നത് എന്നതിന്റെ സൂചനയാണ്.

### സന്ദേശം

“നിന്റെ പാദങ്ങളിൽനിന്ന് ചെരുപ്പുകൾ അഴിച്ചുമാറ്റുക; കാരണം, നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്” എന്ന ദൂതന്റെ പ്രസ്താവന സീനായ്മലയിൽവച്ച് മോശയ്ക്കുണ്ടായ അനുഭവത്തെ അനുസ്മരിപ്പിക്കുന്നു. മോശയെ എന്നതുപോലെ ജോഷ്വായേയും ഇസ്രായേലിന്റെ നേതാവായി അംഗീകരിച്ച് നിയോഗിക്കുന്നതിന്റെ അടയാളമാണത്. വാഗ്ദത്തദേശത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ദൈവമാണ് ജനത്തെ നയിക്കേണ്ടത് എന്നും അതിനായി യോജ്യമാകാത്ത സകലതും ഉപേക്ഷിക്കണമെന്നും എങ്കിൽമാത്രമേ പോരാട്ടത്തിൽ വിജയം വരിക്കൂ എന്നും ഈ സംഭവം ഓർമപ്പെടുത്തുന്നു.

ദൈവരാജ്യത്തിന് ഇണങ്ങാത്ത പാദരക്ഷകൾ അണിയുന്നവർക്ക് ദൈവരാജ്യത്തിനുവേണ്ടി അധ്വാനിച്ച് വിജയം വരിക്കാനാവില്ല. അതിന് ഒന്നാമതായി ദൈവത്തിന്റെ സാന്നിധ്യവും സഹായവും ഉറപ്പാക്കുക ആവശ്യമാണ്. ദൈവത്തിന്റെ സാന്നിധ്യവും സഹായവും ഉറപ്പാക്കണമെങ്കിൽ അവിടുത്തേ

ക്കുചേരാത്തവ ഇല്ലാതാക്കാൻ നാം തയ്യാറാകണം.

വാഗ്ദത്തദേശത്തിനായുള്ള പോരാട്ടം നയിക്കുന്നതും വിജയം നൽകുന്നതും ദൈവംതന്നെയാണ്. ഈ ബോധ്യമാണ് ജോഷായ്ക്ക് ദൈവദൂതന്റെ ദർശനത്തിലൂടെ നൽകപ്പെടുന്നത്.

**ഡോ. മാത്യു ഓലിക്കൽ mcbs**

---

# മത്താ 20:17-28

## സന്ദർഭം

മത്തായി അറിയിച്ച സുവിശേഷം 16:21- 28:20-ൽ വരുന്ന മൂന്ന് പീഡാനുഭവപ്രവചനങ്ങളിൽ (16:21-23; 17:22-23; 20:17-19) മൂന്നാമത്തേതാണ് 20:17-ൽ ആ രംഭിക്കുന്നത്. ഓരോ പീഡാനുഭവ പ്രവചനവും ശിഷ്യന്മാർക്ക് മിശിഹാ ദൗ ത്യത്തെക്കുറിച്ച് കൂടുതൽ വ്യക്തമായ ബോധ്യം നൽകണമെന്ന് കർത്താവാഗ്രഹിച്ചു.

ശിഷ്യരുടെ 'ചിന്ത ദൈവികമല്ല, മാനുഷിക'മായിരുന്നു (16:23). അതിനാൽ അവർ 'തടസ്സം പറയുന്നവരും' (16:22) 'ദുഃഖിക്കുന്നവരും' (17:23) 'സ്വർഗരാജ്യത്തിലെ വലിയവൻ ആരെന്ന്' (13:1) തർക്കിക്കുന്നവരും സ്ഥാനമാനങ്ങൾ ചോദിക്കുന്നവരും (20:21-22) 'അമർഷത്തോടെ പിറുപിറുക്കുന്നവരും' (20:24) ആയിത്തീർന്നു. ഓരോ പീഡാനുഭവപ്രവചനത്തിനുശേഷവും ശിഷ്യത്വത്തെ ക്കുറിച്ച് കർത്താവ് പഠിപ്പിച്ചെങ്കിലും (16:24-28,18:1-35; 20:25-28) അവരുടെ വിശ്വാസക്കുറവുമൂലം അത് ഗ്രഹിക്കാൻ അവർക്ക് സാധിച്ചില്ല.

## സാരം

തങ്ങളിൽ 'വലിയ'വനാരാണ്/'ഒന്നാമനാരാണ്' കർത്താവിന്റെ രാജ്യത്തിൽ ഏതു സ്ഥാനം ലഭിക്കും (19:27-28) എന്നിവയെല്ലാം ശിഷ്യരുടെ സാധാരണ സംഭാഷണത്തിന്റെ/തർക്കത്തിന്റെ ഭാഗമായിരുന്നു. കർത്താവ് പറയുന്ന അവിടുത്തെ ദൗത്യം ശിഷ്യർക്ക് മനസ്സിലാക്കാൻ സാധിക്കണമെങ്കിൽ 'യേശു തന്നെ ഉള്ളലിഞ്ഞ് അവരെ സ്പർശിച്ച്, അവരുടെ അന്ധത നീക്കേണ്ടത്, (20:31-34) ആവശ്യമാണ്. "കർത്താവേ, ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കനിയേണമേ (20:31) എന്ന് ഉച്ചത്തിൽ പ്രാർത്ഥിക്കുന്നവനെയാണ് കർത്താവ് ഉള്ളലിഞ്ഞ് സ്പർശിച്ച് കാഴ്ചയുള്ളവനാക്കുന്നത്.

കർത്താവ് രാജാവാകുമ്പോൾ ആ രാജ്യത്തിലെ ഏറ്റം പ്രധാനപ്പെട്ട രണ്ട് സ്ഥാനങ്ങൾ വേണമെന്ന അഭ്യർത്ഥനയ്ക്ക് (20:20-21) മുൻപിൽ കർത്താവിന്റെ മറുപടി ശ്രദ്ധേയമാണ്: 'ചോദിക്കുന്നത് എന്താണെന്ന് നിങ്ങൾ അറിയുന്നില്ല,' 'അതിന്റെ അർത്ഥമെന്തെന്ന് നിങ്ങൾ ഗ്രഹിക്കുന്നില്ല' (20:22). എന്താണ് ചോദിക്കുന്നത് എന്ന് തിരിച്ചറിയാതെ എന്തെങ്കിലും ചോദിക്കുന്ന അവസ്ഥ എത്രയോ ശോചനീയം! (20:22) 'കുടിക്കാൻ പോകുന്ന പാനപാത്രം'

– കർത്താവിന്റെ രാജ്യത്തിൽ മഹത്ത്വം പങ്കിടാൻ, കർത്താവ് കുടിക്കുന്ന കാസ കുടിക്കണം. അത് പാപികൾക്ക് എതിരെയുള്ള ദൈവകോപത്തിന്റെയും വിധിയുടെയും കാസയാണ്. (എസെ 51:17–22, 25:15 ഹബ 2:16). എല്ലാ പാപികൾക്കുമായി ആ കാസ കുടിച്ചു തീർക്കാൻ പോകുന്നത് കർത്താവിന്റെ പീഡാസഹനത്തിലും മരണത്തിലുമാണ്. ശിഷ്യൻ കർത്താവിന്റെ ജീവിതവും ജീവിതാന്ത്യവും പങ്കുവയ്ക്കുന്നവനാകണം. പിതാവായ ദൈവമാണ് പ്രതിഫലം നൽകുന്നത്. 'ഞങ്ങൾക്ക് എന്താണ് ലഭിക്കുക' (19:27). എന്ന അന്വേഷണമല്ല, 'എങ്ങനെ നല്ല ശിഷ്യരാകാൻ സാധിക്കും' എന്ന ചിന്തയാകണം ശിഷ്യനെ എപ്പോഴും നയിക്കേണ്ടത്.

## സന്ദേശം

1. "നിങ്ങളുടെ ഇടയിൽ അങ്ങനെ ആകരുത്" (20:26). 'യജമാനത്വം പുലർത്താനും അധികാരം പ്രയോഗിക്കാനുമുള്ള ഭരണകർത്താക്കളുടെയും പ്രമാണിമാരുടേയും (20:25) മനസ്സാകരുത് ശിഷ്യരുടെ ഇടയിൽ.

2. ശുശ്രൂഷിക്കാനും അനേകർക്ക് മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും വന്നിരിക്കുന്ന കർത്താവിനെയാണ് ശിഷ്യൻ എന്നും അനുഗമിക്കേണ്ടത് (20:28).

3. ലോകത്തിന്റെ മാനദണ്ഡങ്ങളല്ല, ശിഷ്യത്വത്തിന്റെ വലുപ്പം 'വലിയവനാകാൻ ആഗ്രഹിക്കുന്നവൻ ശുശ്രൂഷകനും ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ ദാസനുമായിരിക്കണം' (20:27). 'തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് കർത്താവിനെ അനുഗമിക്കുന്നവനേ' (16:24) 'സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്താതെ (16:26) കർത്താവിൽ അതിനെ കണ്ടെത്തുന്നവനേ സ്വർഗ്ഗരാജ്യത്തിന്റെ വലിയവൻ ആകാൻ സാധിക്കൂ.'

**ഡോ. മാത്യു കഴുതാടിയിൽ**

---

# പ്രസംഗം

## അധികാരത്തോടെയല്ല, എളിമയോടെ...

യേശുവിന്റെ അമ്മയുടെ സഹോദരി സലോമിയുടെ മക്കളാണ് യാക്കോബും യോഹന്നാനും. കുരിശിന്റെ ചുവട്ടിൽ സെബദീപുത്രൻമാരുടെ അമ്മയും ഉണ്ടായിരുന്നു. (മത്താ 27: 56). വി. മർക്കോസ് സലോമി എന്ന പേര് പ്രത്യേകം പറയുന്നുണ്ട്. (മർക്കോ 15:40). സെബദി എന്നായിരുന്നു സലോമിയുടെ ഭർത്താവിന്റെ പേര്. യാക്കോബിനെയും യോഹന്നാനെയും ശിഷ്യന്മാരുടെ സമൂഹത്തിലേക്ക് യേശു പ്രത്യേകമായി ക്ഷണിച്ചത് ബൈബിളിൽ വിവരിക്കുന്നുണ്ട്: "യേശു മുന്നോട്ടുനീങ്ങിയപ്പോൾ വേറെ രണ്ടു സഹോദരൻ

മാരെ കണ്ടു - സെബദീപുത്രനായ യാക്കോബും സഹോദരൻ യോഹന്നാനും. അവർ പിതാവുമൊത്ത് വഞ്ചിയിലിരുന്നു വല നന്നാക്കുകയായിരുന്നു. അവരെ യേശു വിളിച്ചു. തത്ക്ഷണം അവർ വഞ്ചി ഉപേക്ഷിച്ച്, പിതാവിനെയും വിട്ട്, അവനെ അനുഗമിച്ചു. (മത്താ 4:21- 22). ഇടിമുഴക്കത്തിന്റെ പുത്രൻമാർ എന്നർത്ഥമുള്ള ബൊവനെർഗെസ് എന്ന പേരുകൂടി സെബദീപുത്രൻമാരായ യാക്കോബിനും സഹോദരൻ യോഹന്നാനും ഉണ്ടായിരുന്നു (മർക്കോ 3:16-17).

മൂന്നു വർഷങ്ങൾക്കുമുമ്പ് എല്ലാം ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചത് അത്ഭുതകരമായ മീൻപിടുത്തത്തിന് സാക്ഷികളായ ശേഷമാണ്. യേശുവിന് അത്ഭുതങ്ങൾ ചെയ്തുപോലും തങ്ങളെ സഹായിക്കാൻ കഴിയുമെന്ന അറിവോടെയാണ് അവർ യേശുവിനെ അനുഗമിച്ചത്. സ്വന്തം കുരിശെടുത്ത് എന്റെ പിന്നാലെ വരാത്തവൻ എനിക്ക് യോഗ്യനല്ല എന്നു തുടങ്ങിയ യേശുവിന്റെ പഠനങ്ങൾ ഈ രണ്ടു ശിഷ്യരെയും അക്കാലത്ത് കാര്യമായി സ്പർശിച്ചിരുന്നില്ലെന്നു വേണം കരുതാൻ. നമുക്ക് ജറുസലെമിലേക്ക് പോകാം എന്ന യേശുവിന്റെ പ്രസ്താവന അവർക്കിഷ്ടപ്പെട്ടു. കാരണം, ജറുസലെമാണ് യഹൂദരുടെ ഭരണകേന്ദ്രം. യേശു റോമിന്റെ ഭരണത്തിൽ നിന്ന് യഹൂദരെ മോചിപ്പിച്ച് രാജാവായി സ്വയം പ്രഖ്യാപിക്കാനാണ് ജറുസലെമിലേക്ക് പോകുന്നതെന്നാണ് അവർ കരുതിയത്.

യേശു തന്റെ കുരിശിലെ മരണത്തെക്കുറിച്ച് പറഞ്ഞത് അവർ ശ്രദ്ധിച്ചതേയില്ല. അവർ പറഞ്ഞു: "അങ്ങയുടെ മഹത്ത്വത്തിൽ ഞങ്ങളിൽ ഒരാൾ അ ങ്ങയുടെ വലത്തുവശത്തും മറ്റെയാൾ ഇടത്തുവശത്തും ഉപവിഷ്ടരാകാൻ അനുവദിക്കണമേ!" (മർക്കോ 10:35-45). ഇവരുടെ അമ്മയും ഇക്കാര്യം യേശുവിനോട് ആവശ്യപ്പെടുന്നുണ്ട്: "സെബദീപുത്രൻമാരുടെ മാതാവ് തന്റെ പുത്രൻമാരോടുകൂടെ വന്ന് അവന്റെ മുമ്പിൽ യാചനാപൂർവം പ്രണമിച്ചു. യേശു അവളോടു ചോദിച്ചു: നിനക്ക് എന്താണു വേണ്ടത്? അവൾ പറഞ്ഞു: നിന്റെ രാജ്യത്തിൽ എന്റെ ഈ രണ്ടുപുത്രൻമാരിൽ ഒരുവൻ നിന്റെ വലത്തുവശത്തും അപരൻ ഇടത്തുവശത്തും ഇരിക്കുന്നതിനു കൽപിക്കണമേ! (മത്താ 20:21). സലോമി യേശുവിന്റെ അടുത്തുവന്നു ഇങ്ങനെ ചോദിക്കാൻ കാരണം മക്കളുടെ നിർബന്ധമാകാം. ഈ ചോദ്യത്തിന് യേശു നല്കിയ ഉത്തരം പ്രഥമ സ്ഥാനത്തെയും അധികാരത്തെയുംകുറിച്ചുള്ള യേശുവിന്റെ കാഴ്ച്ചപ്പാട് വ്യക്തമാക്കുന്നതായിരുന്നു. ഈ വചനഭാഗത്തും ബൈബിളിൽ മറ്റു ചില സ്ഥലങ്ങളിലും അധികാരത്തെക്കുറിച്ച് പറയുന്ന കാര്യങ്ങൾ നമുക്ക് പരിശോധിക്കാം.

1. **വിജാതീയ രാജാക്കന്മാരെപ്പോലെയല്ല ക്രിസ്താനികൾ അധികാരം ഉപയോഗിക്കേണ്ടത്**: "വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ, നിങ്ങ

ളുടെയിടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്ന വൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം" (മത്താ 20:25–27). അവൻ ഇരുന്നിട്ടു പന്ത്രണ്ടുപേരെയും വിളിച്ചു പറഞ്ഞു: "ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം. യേശു ഒരു ശിശുവിനെ എടുത്ത് അവരുടെ മധ്യേ നിറുത്തി. അവനെ കരങ്ങളിൽ വഹിച്ചുകൊണ്ടു പറഞ്ഞു: ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെയല്ല, എന്നെ അയച്ചവനെയാണ് സ്വീകരിക്കുന്നത്" (മർക്കോ 9 : 35–37). മാതാപിതാക്കന്മാർ മക്കളിൽ കോപം ഉളവാക്കരുതെന്ന വി. പൗലോസിന്റെ ഉപദേശം ഇത്തരുണത്തിൽ ഓർക്കുന്നത് നല്ലതാണ്. ശിശുവിന് ഒന്നും തിരിച്ചുതരാൻ കഴിവില്ല. തന്നെ ആരാണ് സഹായിച്ചതെന്ന് തിരിച്ചറിയാനുള്ള കഴിവുപോലും അതിനില്ല. ഇങ്ങനെയുള്ളവരെയും അധികാരികൾ ശ്രദ്ധിക്കണം. 'നിങ്ങളിൽ ഏറ്റവും ചെറിയവൻ ആരോ അവനാണ് നിങ്ങളിൽ ഏറ്റവും വലിയവൻ.' (ലൂക്കാ 9:46–48). അധികാരികൾ ആവശ്യമില്ലെന്നല്ല; അധികാരത്തിന്റെ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് യേശു പറഞ്ഞത്.

2. **അധികാരം ശുശ്രൂഷയാണ്:** അധികാരത്തെക്കുറിച്ച് യേശു നല്കിയ മറ്റൊരു പാഠം അന്ത്യത്താഴവുമായി ബന്ധപ്പെട്ട് നമുക്ക് കാണാൻ കഴിയും. ശിഷ്യരുടെ പാദങ്ങൾ കഴുകിയ യേശു ശിഷ്യന്മാർക്ക് മാതൃകയാണ്. "അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം യേശു മേലങ്കിധരിച്ച് സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണു നിങ്ങൾക്കു ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരിതന്നെ, ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്, ഞാൻ നിങ്ങൾക്കൊരു മാതൃക നൽകിയിരിക്കുന്നു.' (യോഹ 13 : 12–15). അധികാരം ശുശ്രൂഷയ്ക്ക് വേണ്ടിയുള്ളതാണ് എന്ന് ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നു.

3. **ഉത്തരവാദിത്വം നിറവേറ്റാനായി ത്യാഗങ്ങൾ സ്വീകരിക്കാൻ അധികാരികൾ തയ്യാറായിരിക്കണം**: യേശു പറഞ്ഞു: ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത് (മത്താ 20 : 17–28). നല്ലയിടയൻ ആടുകൾക്കുവേണ്ടി ത്യാഗങ്ങൾ ഏറ്റെടുക്കാൻ തയ്യാറുള്ളവനാണ്. മക്കളുടെ പഠനത്തിന് പണം കണ്ടെത്താനായി സ്വന്തം ചിലവുകൾ ചുരുക്കുന്ന മാതാപിതാക്കന്മാരെ നമുക്ക് അറിയാമല്ലോ. ഇപ്രകാരം മറ്റുള്ളവർക്കായി കുറഞ്ഞ് തനിക്ക് ശുശ്രൂഷിക്കാനായി ഏൽപ്പിച്ചവരെ ഉയർത്താൻ നാം ശ്രദ്ധിക്കണം.

Date of Publication: 13 January 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2018-20, KL/CR/EKM/WPP-13/2018-2020 (Page 94)

4. **സന്മനസ്സോടെ ലാഭേച്ഛയില്ലാതെ അധികാരശുശ്രൂഷ ചെയ്യുക:** വി. പത്രോസ് സഭയിലെ അധികാരികൾക്ക് എഴുതി: "ഒരു സഹശ്രേഷ്ഠനും ക്രിസ്തുവിന്റെ സഹനങ്ങളുടെ ദൃക്‌സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തിന്റെ പങ്കുകാരനും എന്ന നിലയിൽ ഞാൻ നിങ്ങളുടെയിടയിലെ ശ്രേഷ്ഠൻമാരെ ഉപദേശിക്കുന്നു: നിങ്ങളെ ഏൽപിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അതു നിർബന്ധം മൂലമായിരിക്കരുത്. ദൈവത്തെപ്രതി സൻമനസ്സോടെ ആയിരിക്കണം; ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം; അജഗണത്തിന്റെമേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്, സൻമാതൃക നൽകിക്കൊണ്ടായിരിക്കണം. ഇടയൻമാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ മഹത്ത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം നിങ്ങൾക്കു ലഭിക്കും" (1 പത്രോ 5:1-4). ലാഭേച്ഛകൂടാതെയാണ് അധികാരികൾ അവരുടെ ഉത്തരവാദിത്വം നിർവഹിക്കേണ്ടത് എന്ന് ഇന്നത്തെ വചനം നമ്മെ ഓർമിപ്പിക്കുന്നു.

5. **വിശ്വസ്തതയാണ് അധികാരിക്കുവേണ്ട ഒരു ഗുണം:** സഭയിലെ അധികാരത്തെക്കുറിച്ച് പ്രത്യേകമായിട്ടല്ലെങ്കിലും അധികാരിക്കുവേണ്ട ഒരു ഗുണത്തെക്കുറിച്ച് യേശു തന്റെയൊരു ഉപമയിൽ പറയുന്നുണ്ട്. "യേശു പറഞ്ഞു: കൊള്ളാം, നല്ലവനായ ഭൃത്യാ, ചെറിയകാര്യത്തിൽ വിശ്വസ്തനായിരുന്നതുകൊണ്ട്പത്തു നഗരങ്ങളുടെമേൽ നീ അധികാരിയായിരിക്കും" (ലൂക്കാ 19 :17). തന്നെ അധികാരം ഏല്പിച്ചവരോടും ജോലിയോടും വിശ്വസ്തതയുള്ളവരായിരിക്കണം അധികാരികൾ.

6. **അധികാരം ദൈവത്തിൽനിന്നാണെന്ന് അംഗീകരിച്ച് നന്മ ചെയ്യുക**:

വി. പൗലോസ് അനുസരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന അവസരത്തിൽ അധികാരികളെക്കുറിച്ച് പറയുന്നത് നമുക്ക് ശ്രദ്ധിക്കാം: "ദൈവത്തിൽ നിന്നല്ലാതെ അധികാരമില്ല. നിലവിലിരിക്കുന്ന അധികാരങ്ങൾ ദൈവത്താൽ സ്ഥാപിതമാണ്.. കീഴിലുള്ളവരുടെ നൻമയ്ക്കുവേണ്ടി ദൈവത്തിന്റെ ശുശ്രൂഷകനാണ് അധികാരി (റോമാ 13:1-4). വി. പൗലോസ് കോറിന്തോസിലെ സഭയ്ക്ക് എഴുതി: "നിങ്ങളെ പടുത്തുയർത്താനാണ്, നശിപ്പിക്കാനല്ല കർത്താവ് ഞങ്ങൾക്ക് അധികാരം നൽകിയിരിക്കുന്നത്" (2 കോറി 10:8). കീഴിലുള്ളവരുടെ നന്മയാണ് അധികാരികൾ ലക്ഷ്യംവയ്ക്കേണ്ടത്.

**ഫാ. ജോൺ എഫ്. ചെറിയവെളി V.C**

*Printed & Published by Fr. Jacob Naluparayil, Edited by  Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi*